**വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ കണ്ണോലിച്ചിറ തോട് ആഴം കൂട്ടിയതുമൂലം ഉായ കൃഷിനാശം**

324 [1255] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ കൃഷി വകുപ്പുവഴി ഇക്കഴിഞ്ഞ വേനലിൽ കണ്ണോലിച്ചിറ തോടിന്റെ ആഴം പാടത്തിന്റെ നടുവിലൂടെ കൂട്ടിയത് സമീപത്തുള്ള നിലക്കാരുടെ പരാതിക്കിടയാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കർഷകർക്ക് നാശനഷ്ടം വരുത്തിയതിന് പരിഹാരം ഉണ്ടാക്കുമോ;

(സി) തോട് ആഴം കൂട്ടി രണ്ടുവശത്ത് മണ്ണു നിറച്ചതുവഴി ഈ കാലവർഷാരംഭത്തിലെ ശക്തമായ മഴയിൽ നിലം ഇടിഞ്ഞു പോകുകയും ഇരുവശങ്ങളിലും വെള്ളം ഉയരുകയും ചെയ്ത് വൻകൃഷിനാശം സംഭവിച്ചതിന് ശാശ്വത പരിഹാരത്തിനായി നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 2004-2005 വർഷത്തിലെ കേരള വികസന പദ്ധതിയിൽ ഉൽപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണിത്. ഇതിനെതിരായി പരാതികളൊന്നും കൃഷിവകുപ്പിനു ലഭിച്ചിട്ടില്ല.

(ബി) & (സി) പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

**ഫ്ളോറി ക്ലബ്ബുകളുടെ പ്രവർത്തനം**

325 [1256] *ശ്രീ. എ. എ. അസീസ് :*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫ്ളോറി ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഫ്ളോറി ക്ലബ്ബുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുോ; ഉെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) സംസ്ഥാനത്ത് 328 ഫ്ളോറി ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

| *ജില്ല* | *ഫ്ളോറി ക്ലബ്ബിന്റെ എണ്ണം* |
|---|---|
| തിരുവനന്തപുരം | 33 |
| കൊല്ലം | 25 |
| എറണാകുളം | 12 |
| വയനാട് | 50 |
| പാലക്കാട് | 50 |
| ആലപ്പുഴ | 84 |
| തൃശ്ശൂർ | 37 |
| കോട്ടയം | 37 |
| **ആകെ** | **328** |

(ബി) നിലവിലു്. ഫ്ളോറി ക്ലബ്ബുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഒരു ജില്ലാതല സൊസൈറ്റി രൂപീകരിച്ച് ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നടത്തുവാനുള്ള സംവിധാനം 2004-2005-ലെ പദ്ധതി പ്രകാരം ഏർപ്പെടുത്തിയിട്ടു്. ഇതോടനുബന്ധിച്ച് പൂക്കളുടെ സംഭരണ വിപണനകേന്ദ്രം തുടങ്ങാൻ ധനസഹായവും നൽകുകയുായി.

## പഴം പച്ചക്കറി വിലവർദ്ധനവ്

326 [1257] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം പച്ചക്കറി ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വില നിയന്ത്രിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) വി. എഫ്. പി. സി. കെ., ഹോർട്ടികോർപ്പ് മുതലായ സ്ഥാപനങ്ങൾവഴി ന്യായമായ വിലയ്ക്ക് പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ വിൽപന നടത്തിവരുന്നു. ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നു്.

## വാനിലയുടെ വിലയിടിവ്

327 [1258] *ശ്രീ. എ. കെ. മണി:*
*,, സി. പി. മുഹമ്മദ്:*
*,, വർക്കല കഹാർ:*
*പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly